# NATIONAL BULLETIN

DATE: 11.08.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. വികസിത ഭാരതത്തിനായി പ്രതിജ്ഞയെടുത്ത് സാഭിമാനം സ്വാതന്ത്ര്യദിനം ആഘോഷിക്കാൻ ജനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi calls upon people to celebrate Independence Day with pride by taking a pledge for a developed India.**

2. വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റ് നടപടികൾ ഇന്നും തടസ്സപ്പെട്ടു; ഇരുസഭകളും ഇന്നത്തേയ്ക്ക് പിരിഞ്ഞു.

   **Parliament proceedings remain disrupted due to opposition protests over various issues; both Houses adjourn for the day.**

3. ട്രൈബ്യൂണൽ പരിഷ്കരണ ബിൽ പാർലമെന്റ് പാസാക്കി; കേരള പുനർനാമകരണ ബില്ലിന് ലോക്സഭയുടെ അംഗീകാരം.

   **Parliament passes the Tribunals Reforms Bill; Lok Sabha approves the Kerala Renaming Bill.**

4. വ്യക്തികളെ കാണാതാകുന്ന കേസുകളിൽ ഉടൻതന്നെ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യണമെന്ന നിർദ്ദേശം കർശനമായി പാലിക്കണമെന്ന് സുപ്രീംകോടതി.

The Supreme Court directs strict compliance with the order to register immediate FIRs in missing person cases.

5. രാജ്യത്തുടനീളം പത്തുകോടി 33 ലക്ഷത്തിലധികം കർഷക തിരിച്ചറിയൽ കാർഡുകൾ തയ്യാറാക്കിയതായി കേന്ദ്ര സർക്കാർ.

The Union Government prepares over 10.33 crore Farmer ID cards across the country.

6. നാളെ കർക്കടക വാവ്; സംസ്ഥാനത്ത് ബലിതർപ്പണ കേന്ദ്രങ്ങളിൽ ഒരുക്കങ്ങൾ പൂർത്തിയായി.

'Karkidaka Vavu' falls tomorrow; preparations complete at ritual offering centres across the state.

## PM-INDEPENDENCE DAY

വികസിത ഭാരതത്തിനായി പ്രതിജ്ഞയെടുത്ത് അഭിമാനപൂർവ്വം സ്വാതന്ത്ര്യദിനം ആഘോഷിക്കാൻ ജനങ്ങളോട് ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. രാജ്യത്തിന്റെ സ്വാതന്ത്ര്യസമര സേനാനികൾക്ക് ശ്രദ്ധാഞ്ജലി അർപ്പിക്കാനും അദ്ദേഹം സമൂഹമാധ്യമങ്ങളിൽ പങ്കുവെച്ച വീഡിയോ സന്ദേശത്തിലൂടെ അഭ്യർത്ഥിച്ചു. 'ഹർ ഘർ തിരംഗ' പ്രചാരണത്തിന്റെ ഭാഗമായി വീടുകളിൽ ത്രിവർണ്ണ പതാക ഉയർത്തണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

## INDEPENDENCE DAY (INTRO)

എൺപതാമത് സ്വാതന്ത്ര്യ ദിനാഘോഷങ്ങളിൽ യുവശക്തിക്കും, ദേശീയഗീതമായ

വന്ദേമാതരത്തിനും പ്രാധാന്യം നൽകുമെന്ന് കേന്ദ്രസർക്കാർ. ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്ക് നേതൃത്വം നൽകും.

ഒരു റിപ്പോർട്ട്.......

(വോയിസ്)

## INDEPENDENCE DAY (VOICE)

ദേശീയ പതാക ഉയർത്തിയ ശേഷം പ്രധാനമന്ത്രി രാജ്യത്തെ അഭിസംബോധന ചെയ്യും. ചുവപ്പ്കോട്ടയിലെ സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ ഇക്കുറി ആദ്യമായി വന്ദേമാതരം ആലപിക്കും. ഗ്യാൻപഥിൽ 2,500 എൻസിസി കേഡറ്റുകളും, മൈ ഭാരത് അംഗങ്ങളും ചേർന്ന് വന്ദേമാതരം ഒരുക്കും. വ്യോമസേനയുടെ എം.ഐ-7 ഹെലികോപ്റ്ററുകൾ ചടങ്ങിൽ പുഷ്പവൃഷ്ടി നടത്തും. സ്വാതന്ത്ര്യ ദിനാഘോഷങ്ങളോടനുബന്ധിച്ച് രാജ്യമെമ്പാടും ഹർഘർ തിരംഗയുടെ ഭാഗമായി നിരവധി പരിപാടികളാണ് നടക്കുന്നത്. തിരംഗയാത്രകളും, ദേശസ്നേഹമുണർത്തുന്ന പരിപാടികളും വിവിധ സംസ്ഥാനങ്ങളിൽ പുരോഗമിക്കുന്നു. ഡൽഹി നിയമസഭ പരിസരത്ത് ഇന്ന് തിരംഗയാത്ര സംഘടിപ്പിച്ചു. ഹർ ഘർ തിരംഗ പരിപാടിയിൽ പങ്കെടുക്കാൻ ജനങ്ങളോട് പ്രധാനമന്ത്രി നരേന്ദ്രമോദി ആഹ്വാനം ചെയ്തു.

ന്യൂസ് ഡെസ്ക് ആകാശവാണി......

## LS ADJOURN

നീറ്റ് വിഷയത്തിൽ പ്രതിഷേധിച്ച വിദ്യാർത്ഥികൾക്ക് എതിരെയുണ്ടായ പോലീസ് നടപടിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ പ്രസ്താവന ആവശ്യപ്പെട്ട് പ്രതിപക്ഷം നടത്തിയ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. വിഷയത്തിൽ മറുപടി നൽകാൻ ആഭ്യന്തര മന്ത്രി തയ്യാറാണെന്നും സഭാ നടപടികളുമായി സഹകരിക്കണമെന്നും സ്പീക്കർ ഓം ബിർള ആവശ്യപ്പെട്ടെങ്കിലും പ്രതിപക്ഷം പ്രതിഷേധം തുടരുകയായിരുന്നു. ലോക്സഭയിലും രാജ്യസഭയിലും ഒരുപോലെ തടസ്സങ്ങൾ നേരിട്ട ഈ ബഹളത്തിനിടയിൽ, 1962-ലെ ദേശീയ സഹകരണ വികസന കോർപ്പറേഷൻ നിയമം ഭേദഗതി ചെയ്യാനുള്ള ബിൽ ലോക്സഭ പാസാക്കി.

## RS – TRIBUNAL BILL

വിവിധ ട്രൈബ്യൂണലുകളുടെ നിയമനത്തിലും പ്രവർത്തനത്തിലും സുതാര്യതയും ഏകീകൃത സ്വഭാവവും ഉറപ്പാക്കുന്ന 2026-ലെ ട്രൈബ്യൂണൽ പരിഷ്കരണ ബിൽ പാർലമെന്റ് പാസാക്കി. സുപ്രീം കോടതി മുൻ ജഡ്ജിയോ ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസോ അധ്യക്ഷനായ നാഷണൽ ട്രൈബ്യൂണൽ കമ്മീഷൻ രൂപീകരിക്കാൻ ബില്ലിൽ വ്യവസ്ഥയുണ്ട്. രാജ്യത്ത് വേഗത്തിലുള്ള തർക്കപരിഹാരം ഉറപ്പാക്കാൻ പുതിയ നിയമം സഹായിക്കുമെന്ന് കേന്ദ്ര നിയമ സഹമന്ത്രി അർജുൻ റാം മേഘ്‌വാൾ പറഞ്ഞു.

## LS – KERALA (INTRO)

2026 ലെ കേരള പുനർനാമകരണ ബിൽ ലോക്സഭ ഇന്ന് പാസാക്കി. ഭരണഘടനയുടെ ഒന്നാം ഷെഡ്യൂളിൽ കേരള എന്ന സംസ്ഥാനത്തിന്റെ പേര് കേരളം എന്നാക്കി മാറ്റാൻ ലക്ഷ്യമിട്ടുള്ളതാണ് ബിൽ. ഇതുസംബന്ധിച്ച് 2024 ൽ, കേരള നിയമസഭ പ്രമേയം പാസാക്കിയിരുന്നു. ഭരണഘടനയിൽ കേരള എന്നാണ് എഴുതിയിട്ടുള്ളതെങ്കിലും മലയാളത്തിൽ സംസ്ഥാനത്തിന്റെ പേര് കേരളം എന്നായതിനാലാണ് ഈ അഭ്യർത്ഥന അംഗീകരിച്ചതെന്ന് ബിൽ അവതരിപ്പിച്ച ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് പറഞ്ഞു.

( വോയിസ്)

## PARLIAMENT CONGRESS REAX

നീറ്റ് വിഷയത്തിൽ സമരം ചെയ്ത വിദ്യാർത്ഥികൾക്കെതിരെ ഉണ്ടായ പോലീസ് നടപടിയിൽ കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ പ്രസ്താവന ആവശ്യപ്പെട്ട് പ്രതിഷേധം തുടരുമെന്ന് കോൺഗ്രസ് അറിയിച്ചു. ഈ വിഷയത്തിൽ പ്രതികരിക്കാതെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഒഴിഞ്ഞുമാറുകയാണെന്ന് കോൺഗ്രസ് എംപി പവൻ ഖേര ആരോപിച്ചു.

## PARLIAMENT NDA REAX

ജാർഖണ്ഡിൽ സമരം ചെയ്ത വിദ്യാർത്ഥികൾക്കെതിരായ പോലീസ് നടപടിയിൽ പ്രതിഷേധിച്ച് എൻഡിഎ അംഗങ്ങൾ

പാർലമെന്റ് വളപ്പിൽ മാർച്ച് നടത്തി. പ്രതിഷേധക്കാരെ അടിച്ചമർത്താൻ ഹേമന്ത് സോറന്റെ നേതൃത്വത്തിലുള്ള ജാർഖണ്ഡ് സർക്കാർ ബലപ്രയോഗം നടത്തിയതായി, റാഞ്ചിയിൽ നിന്നുള്ള ബിജെപി എംപി സഞ്ജയ് സേത്ത് വിമർശിച്ചു.

## LS – FARMER ID

രാജ്യത്തുടനീളം ഇതുവരെ പത്ത് കോടി 33 ലക്ഷത്തിലധികം കർഷക തിരിച്ചറിയൽ കാർഡുകൾ തയ്യാറാക്കിയതായി കേന്ദ്ര സർക്കാർ. ഇതിലൂടെ പി.എം കിസാൻ, പിഎം ഫസൽ ബീമ യോജന, തുടങ്ങിയ നേരിട്ടുള്ള ആനുകൂല്യ കൈമാറ്റ പദ്ധതികളുടെ സംയോജനം സാധ്യമാക്കി. കർഷകർക്ക്, വിവിധ കർഷക കേന്ദ്രീകൃത ഡിജിറ്റൽ സേവനങ്ങളുടെ ആനുകൂല്യങ്ങൾ തടസ്സമില്ലാതെ ലഭിക്കാൻ ഈ തിരിച്ചറിയൽ കാർഡുകളിലൂടെ സാധിച്ചതായും കേന്ദ്ര സഹമന്ത്രി രാംനാഥ് ഠാക്കൂർ ലോക്സഭയിൽ പറഞ്ഞു.

## SC MISSING PERSON CASE

വ്യക്തികളെ കാണാതായ കേസുകളിൽ പ്രായ ലിംഗ ഭേദമില്ലാതെ ഉടൻ തന്നെ എഫ്ഐആർ രജിസ്റ്റർ ചെയ്യണമെന്ന നിർദേശം കർശനമായി പാലിക്കണമെന്ന് സുപ്രീം കോടതി. ഈ നിർദ്ദേശം പാലിക്കുന്നതിൽ പരാജയപ്പെട്ട സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും കോടതി വിശദീകരണം തേടി. ഒക്ടോബർ 5-ന് വിഷയം വീണ്ടും പരിഗണിക്കും.

## KARKKADAKA VAVU–K.MURALEEDHARAN

കർക്കടക വാവുബലി തർപ്പണത്തിന് സംസ്ഥാനത്ത് ഒരുക്കങ്ങൾ പൂർത്തിയായി. നാളെ പുലർച്ചയാണ് പിതൃതർപ്പണ ചടങ്ങുകൾ ആരംഭിക്കുന്നത്. ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള തർപ്പണ കേന്ദ്രങ്ങളിൽ എത്തുന്ന ഭക്തർക്ക് ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കാൻ നിർദ്ദേശം നൽകിയതായി മന്ത്രി കെ.മുരളീധരൻ അറിയിച്ചു. തിരുവല്ലം പരശുരാമസ്വാമി ക്ഷേത്രം, തിരുമുല്ലവാരം മഹാവിഷ്ണു ക്ഷേത്രം, ആലുവ ശിവക്ഷേത്രം, തിരുനാവായ നാവാമുകുന്ദ ക്ഷേത്രം തുടങ്ങി ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള പ്രധാന തർപ്പണ കേന്ദ്രങ്ങളിലെല്ലാം വിപുലമായ ക്രമീകരണങ്ങളൊരുക്കിയതായും മന്ത്രി അറിയിച്ചു.

## LS – PM SURYA GHAR (INTRO)

2024 ൽ ആരംഭിച്ച പുരപ്പുറ സൗരോർജ പദ്ധതിയിലൂടെ രാജ്യത്തെ 50 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് പ്രയോജനം ലഭിച്ചതായി കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷി ലോക്സഭയെ അറിയിച്ചു.

**വിശദശാംശ ങ്ങളിലേയ്ക്ക് .....**

**(വോയിസ്)**

## LS - PM SURYA GHAR (VOICE)

പുരപ്പുറ സൗരോർജ പദ്ധതിയ്ക്ക് ഇതുവരെ കേന്ദ്ര സാമ്പത്തിക സഹായമായി 28,000 കോടിയിലധികം രൂപ സബ്സിഡിയിനത്തിൽ രാജ്യത്തുടനീളം വിതരണം ചെയ്തു. ഗ്രിഡ് അധിഷ്ഠിത കണക്ഷനുള്ള എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും ആവശ്യാനുസരണം പുരപ്പുറ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കാൻ സഹായകരമാകുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഈ വർഷം ജൂലൈ മാസം വരെ പദ്ധതി വഴി 14.65 ഗിഗാവാട്ടിലധികം അധിക സൗരോർജ ഉൽപ്പാദന ശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് 2030-ഓടെ 500 ഗിഗാവാട്ട് പുനരുപയോഗ ഊർജമെന്ന ഇന്ത്യയുടെ ലക്ഷ്യത്തിലേക്ക് നിർണായക സംഭാവനയാണ്.

ന്യൂസ് ഡെസ്ക് ആകാശവാണി.....

## PM GOYAL ARTICLE

പൊതു സംഭരണ രംഗത്ത് വലിയ മാറ്റങ്ങൾ കൊണ്ടുവന്ന ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് - ജെം (GeM) 10 വർഷം പൂർത്തിയാക്കിയതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. സുതാര്യത ഉറപ്പാക്കാനും ബിസിനസ് സുഗമമാക്കാനും സഹായിച്ച ഈ പ്ലാറ്റ്ഫോം ചെറുകിട സംരംഭങ്ങൾക്കും വനിതാ സംരംഭകർക്കും പുതിയ അവസരങ്ങൾ നൽകിയതായും അദ്ദേഹം വ്യക്തമാക്കി.

## MP PARAMESWARAN

പ്രമുഖ ശാസ്ത്രജ്ഞനും ശാസ്ത്രപ്രചാരകനും കമ്യൂണിസ്റ്റ് സൈദ്ധാന്തികനുമായ എം.പി.പരമേശ്വരൻ അന്തരിച്ചു.

91 വയസ്സായിരുന്നു. നിരവധി പുസ്തകങ്ങളും ലേഖനങ്ങളും രചിച്ചിട്ടുണ്ട്. മുഖ്യമന്ത്രി വി.ഡി.സതീശൻ, പ്രതിപക്ഷനേതാവ് പിണറായി വിജയൻ ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

## INDIA - US

ഇന്ത്യ-യുഎസ് നാവികസേനകൾ സംയുക്തമായി സംഘടിപ്പിക്കുന്ന സ്ഫോടകവസ്തു നിർവീര്യമാക്കൽ

അഭ്യാസപ്രകടനം കൊച്ചിയിൽ തുടരുന്നു. ദക്ഷിണ നാവിക കമാൻഡിലാണ് അഭ്യാസം നടക്കുന്നത്. 5 ദിവസത്തെ അഭ്യാസപ്രകടനം വെള്ളിയാഴ്ച സമാപിക്കും.

## MEA-EARLY

അരുണാചൽ പ്രദേശ് രാജ്യത്തിന്റെ അവിഭാജ്യ ഘടകമാണെന്ന് ആവർത്തിച്ച് ഇന്ത്യ. ഇന്ത്യ - ചൈന അതിർത്തി പ്രദേശങ്ങളിൽ സമാധാനവും ശാന്തിയും നിലനിർത്തുന്നതിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നതെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

## PoJK PROTESTS

പാക് അധിനിവേശ കശ്മീരിലെ ജനങ്ങൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾക്ക് എതിരെ ഈ മാസം 13 മുതൽ ആഗോളതലത്തിൽ പ്രതിഷേധം ആരംഭിക്കുമെന്ന് അവാമി ആക്ഷൻ കമ്മിറ്റി. പാകിസ്ഥാന്റെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഓഗസ്റ്റ് 14 കരിദിനമായി ആചരിക്കാനും എഎസി തീരുമാനിച്ചു.

## INDIA US SPACE

ആർട്ടെമിസ് ഉടമ്പടി പ്രകാരം നാസയുടെ ചാന്ദ്രാ അധിഷ്ഠിത പരിപാടിയിൽ ചേരാൻ ഇസ്രോയ്ക്ക് ക്ഷണം. സാങ്കേതിക ഡാറ്റ പങ്കിടുന്നതിൽ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള കരാറിൽ ചർച്ച തുടരാനും ഇന്ത്യയും യുഎസും തമ്മിൽ ധാരണയായി. ഈ മാസം ആദ്യം ബെംഗളൂരുവിൽ നടന്ന ഇന്ത്യ-യു.എസ് സിവിൽ സ്പേസ് ജോയിന്റ് വർക്കിംഗ് ഗ്രൂപ്പിന്റെ ഒമ്പതാമത് യോഗത്തിൽ ഉഭയകക്ഷി ബഹിരാകാശ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ പ്രാധാന്യം ഇരു രാജ്യങ്ങളും ആവർത്തിച്ചിരുന്നു.

## RBI GOVERNOR

രാജ്യത്തെ ബാങ്കുകൾ നവീകരണം, ഉത്തരവാദിത്തം, ഉപഭോക്താക്കളുടെ വിശ്വാസം എന്നിവയ്ക്ക് പ്രാധാന്യം നൽകി നിർമിതബുദ്ധി പ്രയോജനപ്പെടുത്തണമെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഗവർണർ. മുംബൈയിൽ FIBAC യുടെ വാർഷിക

ബാങ്കിംഗ് സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. AI യെ അമിതമായി ആശ്രയിക്കുന്നതിലെ അപകടസാധ്യതകളെക്കുറിച്ചും ഗവർണർ മുന്നറിയിപ്പ് നൽകി.